(ബി) ഏകവിളത്തോട്ടങ്ങൾ മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവികവനം പുനർജ്ജനിപ്പിക്കുക, ടി പ്രദേശത്തെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണ പ്രക്രിയയ്ക്ക് സഹായകരമാവുക, വന്യജീവികൾക്ക് യോജിച്ച ആവാസവ്യവസ്ഥ ഒരുക്കുക, പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളംബ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി സ്ഥലങ്ങളിലെ അക്കേഷ്യ തോട്ടങ്ങൾ മുറിച്ചു നീക്കിയശേഷം വനദീപ്തി പദ്ധതിയിൽ ഉൾപ്പെടുത്തി ഞാവൽ, മാവ്, പ്ലാവ്, അമ്പഴം, ആഞ്ഞിലി, പേര, അത്തി, പുളി, നെല്ലി തുടങ്ങിയ ഫലവൃക്ഷങ്ങളും കണിക്കൊന്ന, മരുത്, മണിമരുത്, ചമത, മന്ദാരം, ചെമ്പകം തുടങ്ങിയ പുഷ്പിക്കുന്ന വൃക്ഷങ്ങളും തടിയ്ക്കനുയോജ്യമായ തേക്ക്, ഈട്ടി, മഹാഗണി, പൂവരശ്, കമ്പകം, കരിമരുത്, വെള്ളകിൽ തുടങ്ങിയവയും ഔഷധസസ്യങ്ങളായ കാഞ്ഞിരം, കുമ്പിൾ, വേപ്പ്, കുടംപുളി, ചന്ദനം, ഉങ്ങ്, ആൽ, രക്തചന്ദനം, കൂവളം, താന്നി അശോകം, പതിമുഖം തുടങ്ങിയവയും ഇതുകൂടാതെ മുള, ഈറ, ചൂരൽ എന്നിവയും നട്ടുപിടിപ്പിച്ചിട്ടുണ്ട്. പത്തുപറ വനദീപ്തി പ്രദേശത്ത് ഡ്രിപ്പ് ഇറിഗേഷനും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ജില്ലാതലത്തിൽ സാമൂഹ്യവനവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ്വ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിലേക്ക് ഭരണതലത്തിൽ പുതിയ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്.

വനവിഭവങ്ങൾ ശേഖരിക്കാൻ പരിശീലനം

197 (7760) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുവാൻ ആദിവാസികൾക്ക് പരിശീലനം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനവിഭവങ്ങൾക്ക് ന്യായവില ലഭിക്കുവാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) വനവിഭവങ്ങൾ ഏതൊക്കെ സംവിധാനങ്ങളിലൂടെയാണ് വനം വകുപ്പ് സംഭരിക്കുന്നത് ?

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങൾ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും സംസ്ക്കരിക്കുന്നതിനും മൂല്യവർദ്ധനവ് നടത്തുന്നതിനുമായി വനസംരക്ഷണ സമിതി അംഗങ്ങൾക്ക് വനം സർക്കിൾ തലത്തിൽ കീ സ്റ്റോൺ ഫൗണ്ടേഷൻ, ഔഷധി മുതലായ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പരിശീലനം നൽകുന്നുണ്ട്. ഏകദേശം 500-ഓളം വന സംരക്ഷണ സമിതി അംഗങ്ങൾക്ക് ഇതിനോടകം പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതൊരു തുടർ പരിപാടിയാണ്.

(ബി) വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവവഴി തയ്യാറാക്കുന്ന ഗുണമേന്മയുള്ള വിഭവങ്ങൾക്ക് 'വനശ്രീ' എന്ന ബ്രാൻഡ് നൽകി വിറ്റഴിക്കുന്നതിന് 35 ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ വനവിഭവങ്ങൾ ജനങ്ങൾക്ക് നേരിട്ട് എത്തിയ്ക്കുക, കൂടുതൽ വിപണി കണ്ടെത്തുക, എന്നീ ലക്ഷ്യങ്ങളോടെ തിരുവനന്തപുരം/മലയാറ്റൂർ എന്നീ വനവികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ രണ്ട് മൊബൈൽ വനശ്രീ യൂണിറ്റുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) വനാവകാശ നിയമം 2006 പ്രകാരം വന വിഭവശേഖരണവും വിപണനവും ആദിവാസികൾ ഉൾപ്പെടെയുള്ള പരമ്പരാഗത വനവാസികളുടെ സാമൂഹിക അവകാശമാണ്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിന് വനം റെയിഞ്ചുകൾ ഓരോ വർഷവും അനുവദിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് വനാവകാശ നിയമം 2006 പ്രകാരമുള്ള സാമൂഹിക അവകാശങ്ങൾ കൽപ്പിച്ചു നൽകുന്ന നടപടികൾ പൂർത്തിയാക്കുന്ന തീയതിവരേയോ അല്ലെങ്കിൽ അതാത് സാമ്പത്തിക വർഷാവസാനംവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെയാണ് നിലവിൽ പട്ടികവർഗ സേവന സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിന് വനം റെയിഞ്ചുകൾ അനുവദിച്ച് നൽകിവരുന്നത്. പട്ടിക വർഗ്ഗ സേവന സഹകരണ സംഘങ്ങൾവഴി ശേഖരിക്കുന്ന വനവിഭവങ്ങൾ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ മേൽനോട്ടത്തിലാണ് വിപണനം നടത്തുന്നത്. ഇതുകൂടാതെ വന സംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ അംഗങ്ങളായ ആദിവാസികളും മറ്റ് പരമ്പരാഗത വനവാസികളുംവഴി വനവിഭവങ്ങളുടെ ശേഖരണവും സംഭരണവും നടത്തുന്നുണ്ട്. ഇങ്ങനെ ശേഖരിക്കുന്ന വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി വനശ്രീ ഇക്കോഷോപ്പുകൾവഴി വിപണനം നടത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly